"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - എറണാകുളം ജില്ല - ചെല്ലാനം ഗ്രാമപഞ്ചായത്ത് ഓഫീസ് - ക്ലർക്ക് - ശ്രീ. സുഭാഷ് കെ പി- യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്**

സ.ഉ.(സാധാ) നം.1972/2025/LSGD തീയതി,തിരുവനന്തപുരം, 07-08-2025

പരാമർശം:-

1. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എറണാകുളം ജില്ല ഓഫീസറുടെ 10.04.2017ലെ EV(2)3538/11-(3) നമ്പർ നിയമന ശിപാർശ
2. പഞ്ചായത്ത് ഡയറക്ടറുടെ 11.05.2017ലെ E9-18685/2011 നമ്പർ നിയമന ഉത്തരവ്
3. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ 23.03.2024-ലെ LSGD/PD/48342/2023-DEG4 നമ്പർ ഉത്തരവ്
4. എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 27.11.2024ലെ LSGD/JD/EKM/1751/2023-A3 നമ്പർ നടപടിക്രമം
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 22.04.2025ലെ LSGD/PD/37471/2024-DEC3 നമ്പർ കത്ത്

**ഉത്തരവ്**

എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ. സുഭാഷ് കെ പി- - യുടെ പ്രൊബേഷൻ കാലയളവ് 16.09.2020 മുതൽ 18.02.2021 തീയതി വരെ ദീർഘിപ്പിക്കുന്നതിനായി പരാമർശം (5) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്.

2. പരാമർശം (1) (2) എന്നിവ പ്രകാരം 22.06.2017 തീയതിയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. സുഭാഷ് കെ പി യുടെ നിയമനം പരാമർശം (3) പ്രകാരം ക്രമവൽകരിച്ചിട്ടുണ്ട്. ശ്രീ. സുഭാഷ് കെ പി, നിരീക്ഷണ കാലയളവിനുള്ളിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് ആവശ്യമായ വകുപ്പുതല പരീക്ഷ യഥാസമയം വിജയിക്കാത്തതിനാലും നിരീക്ഷണ കാലയളവിനെ ബാധിക്കുന്ന തരത്തിൽ 85 ദിവസത്തെ അവധി ഉപയുക്തമാക്കിയിട്ടുള്ളതിനാലും, പരാമർശം (4) പ്രകാരം 16.09.2019 മുതൽ ഒരു വർഷത്തേക്ക് ടിയാന്റെ നിരീക്ഷണ കാലയളവ് ദീർഘിപ്പിച്ചിട്ടുണ്ട്. ശ്രീ. സുഭാഷ് കെ പി- യുടെ പേരിൽ വിജിലൻസ് കേസുകളോ അച്ചടക്ക നടപടികളോ നിലവിലില്ലായെന്നും ടിയാൻറെ സ്വഭാവവും പ്രവൃത്തിയും തൃപ്തികരമാണെന്നും ചെല്ലാനം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും ടിയാൻ 16.02.2021 തീയതിയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ വകുപ്പുതല പരീക്ഷ വിജയിച്ചിട്ടുണ്ടെന്നും പരാമർശം (5) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (5) പ്രകാരമുള്ള ശിപാർശ പരിഗണിച്ച് 16.02.2021 തീയതിയിൽ എം ഒ പി പരീക്ഷ പാസ്സായ എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ. സുഭാഷ് കെ പി - യുടെ പ്രൊബേഷൻ കാലയളവ് 17.02.2021 തീയതിയിൽ പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിന് നിയമനാധികാരിക്ക് കഴിയുമാറ് ടിയാളുടെ നിരീക്ഷണകാലം KS&SSRs Part II ചട്ടം 21 -ലെ വ്യവസ്ഥകൾക്ക് വിധേയമായി 16.09.2020 മുതൽ 18.02.2021 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , എറണാകുളം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.സെക്രട്ടറി,ചെല്ലാനം ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.ശ്രീ.സുഭാഷ് കെ പി , ക്ലർക്ക് , ചെല്ലാനം ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6.ഡയറക്ടർ . ഐ കെ എം
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ (ഫയൽ നം.104/ഇപിഎ1/2025-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 07-08-2025 17:49:45